## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 702.** **28.09.2016 ന് മറുപടിയ്ക്ക്**

## മയക്കമരുന്നിന്റേയും ലഹരി വസ്തുക്കളുടെയും ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ് :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മയക്കമരുന്നിന്റേയും മറ്റ് ലഹരി വസ്തുക്കളുടേയും ഉപയോഗം വർദ്ധിച്ചുവരുന്നതായിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 2013-14 വർഷങ്ങളിൽ യഥാക്രമം 793, 970 എൻ.ഡി.പി.എസ്. കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായതെങ്കിൽ 2015 വർഷത്തിൽ 1430 എൻ.ഡി.പി.എസ്. കേസുകളും 2016 ആഗസ്റ്റ് മാസം വരെ 1789 എൻ.ഡി.പി.എസ്. കേസുകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് ബാറുകളിലെ വിദേശ മദ്യ വിൽപ്പന നിരോധിച്ച നടപടി മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് സഹായകരമായിട്ടുണ്ടോ; ഇക്കാര്യത്തിൽ സമഗ്രമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (ബി) | മുൻ സർക്കാരിന്റെ കാലത്ത് ബാറുകളിലെ വിദേശമദ്യ വില്പന നിരോധിച്ച നടപടി മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് സഹായകരമായിട്ടുണ്ടോ എന്ന വിഷയത്തിൽ സമഗ്രമായ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ വിദേശമദ്യ വില്പനയുടെ കണക്ക് പരിശോധിക്കുമ്പോൾ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പനയിൽ ചെറിയ അളവിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ ബിയറിന്റെ വില്പനയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കാണുന്നു. 2016-17 വർഷം ആഗസ്റ്റ് മാസം വരെയുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പന പരിശോധിക്കുമ്പോൾ 2015-16 വർഷത്തിലെ ഇതേ കാലയളവിലെ വില്പനയിൽ നിന്നും നേരിയ വർദ്ധനവ് ഉള്ളതായാണ് കാണുന്നത്. 2012-13 |

വർഷം മുതലുള്ള ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെയും ബിയറിന്റെയും വില്പനയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | ഇന്ത്യൻ നിർമ്മിത വിദേശമദ്യം (ലക്ഷം കേയ്സുകൾ) | ബിയർ (ലക്ഷം കേയ്സുകൾ) |
|---|---|---|
| 2012-13 | 244.33 | 101.64 |
| 2013-14 | 240.67 | 107.96 |
| 2014-15 | 220.58 | 95.59 |
| 2015-16 | 201.75 | 154.2 |
| 2015-16 (ആഗസ്റ്റ് വരെ) | 85.1 | 63.86 |
| 2016-17 (ആഗസ്റ്റ് വരെ) | 88.39 | 64.88 |

സെക്ഷൻ ഓഫീസർ